III ഇ.ബി..XII-കേരള നിയമസഭ/I-4

## പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

# നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ജൂൺ 19, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### 1 ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം (*1, *2, *13, *16 ) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

### II അടിയന്തിര പ്രമേയം

ഭവനനിർമ്മാണ ബോർഡ് മൈത്രി ഭവന പദ്ധതി നടപ്പാക്കുമ്പോൾ ബോർഡ് നൽകുന്ന അക്കൗണ്ട് പേയീ ചെക്കിന് പകരം ക്യാഷ് ചെക്ക് നൽകിയതിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ ധനദുർവിനിയോഗവും നഷ്ടവും ഉണ്ടായതുമൂലം നബാർഡിനും ഹഡ്കോയ്ക്കും തിരിച്ചടവ് മുടങ്ങിയതിനാലും നബാർഡ്

ഹഡ്കോയുടെ അക്കൗണ്ട് മരവിപ്പിച്ചതുമൂലം ബോർഡിന്റെ പ്രവർത്തനം സ്തംഭനത്തിലാവുകയും മറ്റ് സംസ്ഥാനപദ്ധതികൾക്ക് വായ്പ കിട്ടാതാവുകയും അനർഹർക്കും ഒരാളിന് തന്നെ ഒന്നിലധികം വായ്പ നൽകിയതിനാലും കേന്ദ്രനിയമത്തെ പരാമർശിച്ച് വിദേശത്തുനിന്നും പിരിച്ചപണം കണക്കിൽ ചേർക്കാതിരിക്കുകയും ചെയ്തതുമൂലവും സംസ്ഥാനത്ത് സംജാതമായിട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മരാമത്ത് വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കന്മാരും പ്രസ്താവനകൾ നടത്തിയശേഷം ഒന്നടങ്കം വാക്കൗട്ട് നടത്തി.

**III. ശ്രദ്ധക്ഷണിക്കൽ**

(1) കൂടംകുളം ആണവനിലയത്തിൽ നിന്ന് മാടക്കത്തറ വൈദ്യുതി സ്റ്റേഷനിലേക്ക് 400 കെ.വി. ലൈൻ വലിക്കുന്നതുമൂലം ആ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക

ദൂരീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അടൂർ പ്രകാശ് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേന്ദ്ര ഗവൺമെന്റ് അടിക്കടി എണ്ണവില വർദ്ധിപ്പിക്കുന്നതുമൂലം അവശ്യ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും ഗതാഗതരംഗത്തെ പ്രശ്നങ്ങളും സംബന്ധിച്ച് ശ്രീ. പി. ജയരാജൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV സബ്മിഷൻ

(1) പൊതുവിതരണം മെച്ചപ്പെടുത്തുന്നതോടൊപ്പം അർഹതപ്പെട്ടവർക്കെല്ലാം ബി.പി.എൽ.കാർഡ് അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(2)ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തത മൂലം തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(3) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. ടി. ജലീൽ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിലെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ഈരാറ്റുപേട്ട കേന്ദ്രമാക്കി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(6)കാലവർഷക്കെടുതി ബാധിച്ചവർക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(7) ആലപ്പുഴ സ്പിന്നിംഗ് മിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(8) തൃശൂർ ജില്ലയിലെ ബാങ്കു കൊള്ളയും മോഷണവും സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) മാള മണ്ഡലത്തിലെ തുരുത്തിപ്പറമ്പ് പള്ളിവികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകം സംബന്ധിച്ച് ശ്രീ. എ. കെ. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(10)മരാമത്ത് വകുപ്പുമന്ത്രിക്കെതിരെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ചത് സംബന്ധിച്ച്

ശ്രീ. കെ.സുധാകരൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(ശ്രീ. പി. വിശ്വനും ഇതേ വിഷയം ഉന്നയിച്ചു)

ഗവർണ്ണറുടെ പ്രസംഗത്തിലെ 12–ാമത്തെ പാരഗ്രാഫ് മലയാളത്തിലേക്ക് തർജ്ജമ ചെയ്തപ്പോൾ അർത്ഥത്തിൽ പിശക് സംഭവിച്ചതായി ശ്രീ. പി. സി. ജോർജ് ഉന്നയിച്ചതിന് തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ. രാജു എബ്രഹാം, . എൻ. രാജൻ, കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## VII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുളള ചർച്ച

**ശ്രീ. ആനത്തലവട്ടം ആനന്ദൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു:**

"2006 ജൂൺ 16-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമ സഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

(ശ്രീ. രാജു എബ്രഹാം പ്രമേയത്തെ പിൻതാങ്ങി.)

താഴെപ്പറയുന്ന അംഗങ്ങൾ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു.

സർവ്വശ്രീ കെ.എം. മാണി, റോഷി അഗസ്റ്റിൻ, സി.എഫ്. തോമസ്, തോമസ് ഉണ്ണിയാടൻ, തോമസ് ചാഴികാടൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അബ്ദുറഹിമാൻ രണ്ടത്താണി, സി. ടി. അഹമ്മദ് അലി, കെ. ശിവദാസൻ നായർ, സി. പി. മുഹമ്മദ്, ജോസഫ് എം. പുതുശ്ശേരി, വർക്കല കഹാർ,

കെ. സി. ജോസഫ്, വി. ഡി. സതീശൻ, ടി. എൻ. പ്രതാപൻ, കെ. സി. വേണുഗോപാൽ, എ. പി. അനിൽകുമാർ, ജോർജ്ജ് മേഴ്സിയർ, കെ. സുധാകരൻ, ജി. കാർത്തികേയൻ, പ്രൊഫ. എൻ. ജയരാജ്, പ്രൊഫ. കെ.വി. തോമസ്,

**താഴെപ്പറയുന്ന അംഗങ്ങൾ നന്ദി പ്രമേയത്തിൻ മേലുള്ള ചർച്ചയിൽ പങ്കെടുത്തു:**

സർവ്വശ്രീ ജി. കാർത്തികേയൻ, എൻ. അനിരുദ്ധൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. പി. മോഹനൻ, ജോസഫ് എം. പുതുശ്ശേരി, സി. എം. ദിനേശ് മണി, മോൻസ് ജോസഫ്, കെ. ബി. ഗണേഷ്കുമാർ, എ. എ. അസീസ്, പി. സി. ജോർജ്, പി. കൃഷ്ണ പ്രസാദ്, കെ. ടി. ജലീൽ, എസ്. രാജേന്ദ്രൻ, കെ. വി. അബ്ദുൾ ഖാദർ, ജോർജ്ജ് മേഴ്സിയർ, കെ. രാജു, പി. ജയരാജൻ, കെ. ശിവദാസൻ നായർ

2006 ജൂൺ 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.55-ന് പിരിഞ്ഞു.